കർമ്മല കുസുമം

# സഭ അത്മായരുടേത് മാത്രമോ, അതോ ദൈവജനത്തിന്റേയോ? കത്തോലിക്കാസഭയിലെ അത്മായരുടെ പങ്ക്: ഒരു കാനോനിക അപഗ്രഥനം

ഡോ. ജെയിംസ് മാത്യു പാമ്പാറ സി.എം.ഐ.

**ആമുഖം**

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ തിരുസ്സഭയെപ്പറ്റിയുള്ള പ്രമാണരേഖയായ *ജനതകളുടെ പ്രകാശം* (*Lumen Gentium*) തിരുസ്സഭയെ നിർവചിച്ചിരിക്കുന്നത് ദൈവജനമായിട്ടാണ്: The Church is the people of God. എന്നാൽ ദൈവജനം എന്നതുകൊണ്ട് ഉദ്ദേശിച്ചിരിക്കുന്നത് അത്മായരെ മാത്രമാണെന്ന് തെറ്റിദ്ധരിപ്പിച്ചുകൊണ്ട് “Wir sind die Kirche" - we are the Church", “ഞങ്ങളാണ് സഭ”യെന്ന മുദ്രാവാക്യവുമായി രണ്ടാം വത്തിക്കാൻ കൗൺസിലിന് ശേഷം ജർമ്മനിയിലും തുടർന്ന് മറ്റ് പല രാജ്യങ്ങളിലും ചില അത്മായ വിമതഗ്രൂപ്പുകൾ പ്രകടനങ്ങൾ നടത്തുകയും കത്തോലിക്കാസഭയുടെ ശിഥിലീകരണത്തിനായുള്ള പദ്ധതികളും പ്രവർത്തനങ്ങളും ആരംഭിക്കുകയുമുണ്ടായി. എറണാകുളം-അങ്കമാലി അതിരൂപതയിലെ വിമതപ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുന്ന ചില കടലാസ് പുലികൾ പോലെയുള്ള അത്മായ സംഘടനകളും അത്മായരുടേത് മാത്രമാണ് സഭ എന്ന മുദ്രാവാക്യവുമായി രംഗത്തിറങ്ങിയത് പല വിശ്വാസികളുടെ മനസ്സിലും തെറ്റിദ്ധാരണകൾക്ക് കാരണമായ പശ്ചാത്തലമാണ് ഈ ലേഖനത്തിന് പ്രചോദനം.

**1. ആരാണ് ദൈവജനം? ആരാണ് അത്മായർ?**

*ജനതകളുടെ പ്രകാശം* എന്ന പ്രമാണരേഖയുടെ രണ്ടാം അദ്ധ്യായത്തിന്റെ തലക്കെട്ട് “ദൈവത്തിന്റെ ജനം” എന്നാണ്. ഈ തലക്കെട്ടിന്റെ അർത്ഥം വിശദീകരിച്ചിരിക്കുന്നത് ഇങ്ങനെയാണ്: “തിരുസ്സഭയുടെ സാമൂഹികവും മാനുഷികവുമായ വശത്തിന് അർഹിക്കുന്ന പ്രാധാന്യമാണ് ഈ അദ്ധ്യായത്തിലൂടെ നല്കിയിരിക്കുന്നത്. പഴയനിയമത്തിൽ ദൈവജനമായിരുന്നത് ഇസ്രായേൽ ജനതയാണ്. ദൈവത്തിന്റെ (യാഹ്വേ) പ്രത്യേക കാരുണ്യത്താൽ തിരഞ്ഞെടുക്കപ്പെട്ട ജനമാണവർ. അവിശ്വാസികളുടെയിടയിൽ ദൈവവിശ്വാസം പുലർത്താനും അവർക്ക് ഒരടയാളമായിരിക്കുവാനും വേണ്ടിയാണ് ഇവരെ യാഹ്വേ തിരഞ്ഞെടുത്തത്. അതുപോലെ പുതിയ ഉടമ്പടിയിൽ ക്രിസ്തു ഒരു ജനത്തെ തിരഞ്ഞെടുത്തു: തിരുസ്സഭ. അവൾ പുതിയ ഇസ്രായേലും പുതിയ ദൈവജനവുമാണ്. ദൈവജനം എന്ന സംജ്ഞയിൽ മാമ്മോദീസാ സ്വീകരിച്ച എല്ലാവരും ഉൾപ്പെടുന്നുണ്ട്. ദൈവജനമെന്ന നിലയിൽ പൗരത്വം കൂടിയവരും കുറഞ്ഞവരുമില്ല” (*രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകൾ*, സുവർണ്ണജൂബിലി പതിപ്പ്, ധർമ്മാരാം കോളേജ്, ബാംഗ്ലൂർ, 2012, പേജ് 64, note 'a').

*ജനതകളുടെ പ്രകാശം* എന്ന കോൺസ്റ്റിറ്റ്യൂഷന്റെ നാലാം അദ്ധ്യായം അത്മായരെക്കുറിച്ചുള്ളതാണ്. അതിന്റെ പ്രാരംഭത്തിൽ ഇങ്ങനെ എഴുതപ്പെട്ടിരിക്കുന്നു: “ദൈവജനത്തെപ്പറ്റി മുകളിൽ പറഞ്ഞ കാര്യങ്ങൾ അത്മായരെയും സന്യാസികളെയും വൈദികരെയും ഒരുപോലെ സംബന്ധിക്കുന്നതാണ്” (*LG* 30). മറ്റൊരു വാക്കിൽ പറഞ്ഞാൽ മാമ്മോദീസാ സ്വീകരിച്ച് കത്തോലിക്കാസഭയിൽ അംഗമായവരും മാമ്മോദീസാ സ്വീകരിച്ചശേഷം പിന്നീട് കത്തോലിക്കാസഭയിൽ ചേർന്നവരുമായ എല്ലാവരും ചേർന്നതാണ് ദൈവജനമാകുന്ന കത്തോലിക്കാസഭ. ഈ ദൈവജനം പൗരോഹിത്യം, സന്യാസം എന്നീ ജീവിതാന്തസ്സ് സ്വീകരിച്ചവരോ, അല്ലെങ്കിൽ ഇതിൽ രണ്ടിലുംപെടാതെ ‘അത്മായർ’ എന്ന വിഭാഗത്തിൽപ്പെടുന്നവരുമാണ്. ആരാണ് അത്മായർ എന്ന ചോദ്യത്തിനുത്തരം *LG* 31 ഇങ്ങനെയാണ് നിർവചിച്ച് തന്നിരിക്കുന്നത്: “തിരുപ്പട്ടം സ്വീകരിക്കാത്തവരോ സഭ അംഗീകരിച്ചിട്ടുള്ള സന്യാസസഭകളിൽ പെടാത്തവരോ ആയ എല്ലാ വിശ്വാസികളെയുമാണ് അത്മായർ എന്ന നാമത്താൽ വിവക്ഷിക്കുന്നത്.” ചുരുക്കിപ്പറഞ്ഞാൽ അത്മായർ ദൈവജനത്തിന്റെ ഭാഗമാണ്. എന്നാൽ ദൈവജനമെന്ന് പറയുന്നത് അത്മായർ മാത്രമല്ല. ദൈവജനം പുരോഹിതർ, സന്യസ്തർ, അത്മായർ എന്നീ മൂന്ന് ജീവിതാന്തസ്സുകളിലായി ക്രിസ്തീയജീവിതം നയിക്കുന്നവരാണ്.

*ജനതകളുടെ പ്രകാശം* എന്ന പ്രമാണരേഖയുടെ മൂന്നാം അദ്ധ്യായത്തിന്റെ പ്രതിപാദ്യവിഷയം സഭയുടെ 'ഹയരാർക്കി'യാണ്. മെത്രാൻസംഘത്തിന്റെ തലവനായ മാർപ്പാപ്പയുടെ നേതൃത്വത്തിൽ, മെത്രാന്മാരും വൈദികരും ഡീക്കന്മാരുമടങ്ങുന്ന ഈ 'ഹയരാർക്കി'യും ദൈവജനത്തിന്റെ ഭാഗമാണ് എന്ന് വ്യക്തമാക്കാനാണ് രണ്ടാം അദ്ധ്യായത്തിൽ "ദൈവജന"ത്തെപ്പറ്റിയുള്ള പ്രതിപാദനത്തിനുശേഷം മാത്രം ഹയരാർക്കിയെപ്പറ്റി പ്രതിപാദിച്ചിരിക്കുന്നത്. *ജനതകളുടെ പ്രകാശം* ആറാം അദ്ധ്യായത്തിലെ പ്രതിപാദ്യവിഷയം സന്യസ്തരാണ്. "ദിവ്യവും ഹയരാർക്കിയെ സംബന്ധിക്കുന്നതുമായ സഭാഘടനയുടെ വെളിച്ചത്തിൽ വീക്ഷിക്കുമ്പോൾ സന്യാസജീവിതം വൈദികജീവിതത്തിന്റെയും അത്മായജീവിതത്തിന്റെയും ഇടയ്ക്ക് സ്ഥിതിചെയ്യുന്ന ഒരു ജീവിതാവസ്ഥയല്ലെന്ന് കാണാവുന്നതാണ്" (*LG* 43) എന്ന് രണ്ടാം വത്തിക്കാൻ കൗൺസിൽ വിശദീകരിക്കുന്നുണ്ട്. പ്രമാണരേഖ തുടർന്ന് ഇങ്ങനെ വ്യക്തമാക്കുന്നു: "നേരെമറിച്ച്, ഈ സവിശേഷദാനം സഭാജീവിതത്തിൽ ആസ്വദിക്കാനും അങ്ങനെ ഓരോരുത്തരും അവരവരുടെ രീതിയിൽ തിരുസ്സഭയുടെ രക്ഷാകരദൗത്യത്തെ സഹായിക്കാനുമായി ഇരുവിഭാഗങ്ങളിൽനിന്നും ക്രിസ്തീയവിശ്വാസികളെ ദൈവം വിളിച്ചിരിക്കുകയാണ്." സന്യാസജീവിതം ഒരു പ്രത്യേക ജീവിതാവസ്ഥ, അഥവാ ജീവിതാന്തസ്സ് (status) തന്നെയാണെന്നും ഹയരാർക്കിപരമായി ചിന്തിക്കുമ്പോൾ അത് "വൈദികജീവിതാന്തസ്സിനും അത്മായജീവിതാന്തസ്സിനും ഇടയിലല്ല വരുന്നതെങ്കിലും" ഈ ജീവിതാന്തസ്സ് കത്തോലിക്കാസഭയുടെ സഭാത്മകജീവിതത്തിന്റെ അവശ്യഘടകം തന്നെയാണെന്നും ഇതേ പ്രമാണരേഖയുടെ 44-ാം ഖണ്ഡിക തുടർന്ന് വ്യക്തമാക്കുന്നുണ്ട്: "ഇങ്ങനെ സുവിശേഷോപദേശങ്ങളുടെ വാഗ്ദാനംവഴി രൂപംകൊള്ളുന്ന ഈ ജീവിതാവസ്ഥ തിരുസ്സഭയുടെ ഹയരാർക്കിയുടെ ഘടനയിൽ ഉൾപ്പെടുന്നില്ലെങ്കിലും അത് അവളുടെ വിശുദ്ധിയോടും ജീവിതത്തോടും സുനിശ്ചിതമായും ബന്ധപ്പെട്ടിരിക്കുന്നു." മറ്റൊരു വാക്കിൽ പറഞ്ഞാൽ, കത്തോലിക്കാതിരുസ്സഭയെ രണ്ട് വ്യത്യസ്തമായ വീക്ഷ്ണകോണുകളിലൂടെ മനസ്സിലാക്കുവാൻ സാധിക്കും: 1) ഹയരാർക്കിപരമായി; 2) അരൂപിപരമായി (pneumatical). ഹയരാർക്കിക്കലായി സഭയെ കാണുമ്പോൾ അവിടെ രണ്ട് വിഭാഗങ്ങൾ മാത്രമേയുള്ളൂ: ആദ്യത്തേത്, ഹയരാർക്കിയുടെ ഭാഗമായുള്ളവർ, അതായത് മാർപ്പാപ്പയുൾപ്പെടെയുള്ള മെത്രാൻസംഘം, വൈദികർ, ഡീക്കന്മാർ എന്നിവരടങ്ങുന്ന ശുശ്രൂഷപൗരോഹിത്യം സ്വീകരിച്ചവർ, രണ്ടാമത്തേത്, ശുശ്രൂഷപൗരോഹിത്യം സ്വീകരിക്കാത്ത സന്യസ്തരും അത്മായരും അടങ്ങിയവർ. എന്നാൽ ഈ ചിന്താധാരയിലും ഹയരാർക്കിയിൽപ്പെടാത്തവരെല്ലാം അത്മായരാണെന്നുള്ള വീക്ഷണമില്ല. ഹയരാർക്കിപരമല്ലാത്ത വീക്ഷണകോണിലൂടെയും സഭയെ മനസ്സിലാക്കാനാവും. ഈ രണ്ടാമത്തെ ദർശനരീതിയെ സിദ്ധിപരമെന്നോ അരൂപിപരമെന്നോ (pneumatic) വിശേഷിപ്പിക്കാവുന്നതാണ്. ഈ ദർശനത്തിൽ സന്യസ്തർക്ക് വളരെ പ്രധാനമായ ഒരു സ്ഥാനം കത്തോലിക്കാസഭയിലുണ്ട്: "അത് അവളുടെ ജീവിതത്തോടും വിശുദ്ധിയോടും സുനിശ്ചിതമായും ബന്ധപ്പെട്ടിരിക്കുന്നു" എന്ന മലയാളം തർജ്ജമ ഒരുപക്ഷേ കൗൺസിൽ പിതാക്കന്മാർ ഉദ്ദേശിച്ച ആഴമായ അർത്ഥം മുഴുവൻ വെളിവാക്കുന്നില്ല എന്നാണ് ഈ ലേഖകന്റെ സുനിശ്ചിതമായ അഭിപ്രായം. 'This state belongs inalienably to the life and holiness of the Church' എന്നുള്ള ആംഗലേയ പരിഭാഷ മൂലത്തോട് കൂടുതൽ ചേർന്നുപോകുന്നുണ്ട്. മൂലത്തിൽ ഉപയോഗിച്ചിരിക്കുന്ന 'inconcusse' എന്ന പദംകൊണ്ടർത്ഥമാക്കുന്നത്, സന്യാസമില്ലാത്ത ഒരു കത്തോലിക്കാസഭയെപ്പറ്റി ചിന്തിക്കുന്നതുപോലും സാദ്ധ്യമല്ല എന്നതുതന്നെയാണ്.

സന്യാസജീവിതത്തിന്റെ ഒരു പ്രധാന ഘടകം fuga mundi അഥവാ ഈ ലോകത്തിൽനിന്നുള്ള ഒളിച്ചോടലാണ്. ഈ ലോകത്തിലാണ് ജീവിക്കുന്നതെങ്കിലും ഈ ലോകത്തിന്റേതല്ലാത്തതുപോലെ ജീവിക്കേണ്ടവരാണ് സന്യസ്തർ. സന്യാസജീവിതത്തെ ഒരു വള്ളത്തോട് ഉപമിക്കാനാവും. വള്ളം വെള്ളത്തിലാണ് കിടക്കുന്നതെങ്കിലും വെള്ളം വള്ളത്തിൽ കയറുവാൻ അനുവദിച്ചുകൂടാ. അല്ലെങ്കിൽ വള്ളം മുങ്ങും. *ജനതകളുടെ പ്രകാശം* 44-ാം ഖണ്ഡിക ഇക്കാര്യം സൂചിപ്പിക്കുന്നുണ്ട്: "സന്യാസജീവിതാവസ്ഥ (the religious state) സഭാംഗങ്ങളെ ലൗകികമായ കെട്ടുപാടുകളിൽനിന്ന് വിമുക്തരാക്കുന്നതുവഴി ഇഹത്തിൽവച്ചുതന്നെ ആസ്വദിച്ചുതുടങ്ങുന്ന ആദ്ധ്യാത്മികനന്മകളുടെ യാഥാർത്ഥ്യം സകല വിശ്വാസികളെയും ബോദ്ധ്യപ്പെടുത്തുന്നു."

അത്മായരുടെ തിരുസ്സഭയിലെ സ്ഥാനത്തെപ്പറ്റിയുള്ള ഈ ലേഖനത്തിൽ സന്യസ്തരെപ്പറ്റി ഇത്രയും വിശദമായി പ്രതിപാദിക്കേണ്ടിവന്നത്, പലരുടെയും ദൃഷ്ടിയിൽ വൈദികരല്ലാത്ത സന്യസ്തർ അത്മായരായി കാണപ്പെടുന്നതിനാലാണ്. എന്നാൽ സന്യാസ ജീവിതാന്തസ്സ് ഒരു പ്രത്യേക ജീവിതാവസ്ഥ (state of life) ആണെന്ന് രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖയിൽ പലയിടത്തായി ആവർത്തിച്ച് അടിവരയിട്ട് പ്രഖ്യാപിച്ചിട്ടുള്ളതും വിശദീകരിച്ചിട്ടുള്ളതുമാണ്. *LG* 45 ഇങ്ങനെ വ്യക്തമാക്കുന്നു: "തിരുസ്സഭയാകട്ടെ, സന്യാസവ്രതാനുഷ്ഠാനം അംഗീകരിച്ച് അതിനെ കാനോനിക ജീവിതാവസ്ഥയുടെ മഹനീയതയിലേയ്ക്കുയർത്തുക മാത്രമല്ല, ചെയ്തിരിക്കുന്നത്, പ്രത്യുത, തിരുക്കർമ്മങ്ങളിലും അതിന് സ്ഥാനം നല്കിക്കൊണ്ട് ദൈവത്തിൽ സമർപ്പിക്കപ്പെട്ടിട്ടുള്ള ഒരു ജീവിതാവസ്ഥയാണ് അതെന്ന് വ്യക്തമാക്കുകകൂടി ചെയ്യുന്നുണ്ട്." ഇതിൽനിന്നും സന്യാസ ജീവിതാന്തസ്സ് അത്മായ ജീവിതാന്തസ്സിൽനിന്നും തികച്ചും വ്യതിരക്തമായ ഒരു കാനോനിക ജീവിതാന്തസ്സ് തന്നെയായാണ് രണ്ടാം വത്തി

ക്കാൻ കൗൺസിൽ വ്യക്തമായി പഠിപ്പിക്കുന്നതെന്ന് കാണാം.

സന്യസ്തർ ഈ ലോകത്തിലായിരിക്കുമ്പോഴും ഈ ലോകത്തിന്റേതല്ലാതെ ജീവിച്ചുകൊണ്ട് സ്വയ വിശുദ്ധിക്കായും സഭയുടെ പടുത്തുയർത്തലിനുമായി അദ്ധ്വാനിക്കുമ്പോൾ, അത്മായരുടെ ദൗത്യം തുലോം വ്യത്യസ്തമാണ്. "ലോകത്തോട് ബന്ധപ്പെട്ട് ജീവിക്കുന്നു എന്നതാണ് അത്മായരുടെ പ്രത്യേകത" (*LG* 31). ഇതേ ഖണ്ഡികയിൽ നാം തുടർന്ന് ഇങ്ങനെ വായിക്കുന്നു: "ഭൗതിക കാര്യങ്ങളെ നിയന്ത്രിച്ചും ദൈവഹിതാനുസാരം അവ ക്രമീകരിച്ചും സ്വന്തം ദൈവവിളിക്കനുസൃതമായി ദൈവരാജ്യം അന്വേഷിച്ചും ലോകത്തിൽ ജീവിക്കുക എന്നതാണ് അത്മായരുടെ കടമ. ഭൗതികമായ എല്ലാ വ്യവഹാരങ്ങളിലും ജോലികളിലും ഏർപ്പെട്ടുകൊണ്ട് കുടുംബസംബന്ധവും സാമൂഹികവുമായ ജീവിതത്തിൽ തങ്ങളുടെ നിലനില്പുമായി കെട്ടുപിണഞ്ഞുകിടക്കുന്ന ലോകത്തിലെ സാധാരണ സാഹചര്യങ്ങളിലാണ് അവർ ജീവിക്കുന്നത്. അവിടെ സുവിശേഷചൈതന്യത്താൽ പ്രേരിതരായി സ്വകർത്തവ്യങ്ങൾ നിർവഹിച്ചുകൊണ്ട് ലോകവിശുദ്ധീകരണാർത്ഥം അതിലെ പുളിമാവായി വർത്തിക്കാൻ ദൈവം അവരെ വിളിച്ചിരിക്കുന്നു... ഭൗതികമണ്ഡലത്തോട് അവർ വളരെയേറെ ബന്ധപ്പെട്ടാണിരിക്കുന്നത്. അതുകൊണ്ട് അവർക്ക് ഒരു പ്രത്യേക ദൗത്യമുണ്ട്: ഈ മണ്ഡലങ്ങളെയെല്ലാം പ്രകാശിപ്പിക്കാനും ക്രമീകരിക്കാനും അങ്ങനെ അവയെല്ലാം സ്രഷ്ടാവിനും രക്ഷിതാവിനും മഹത്വമുളവാക്കുവാനുമായി ക്രിസ്തുവിന്റെ ചൈതന്യത്തോടുകൂടി ആവിർഭവിക്കുകയും വളരുകയും നിലനില്ക്കുകയും ചെയ്യട്ടെ."

**2. അത്മായർ പൗരസ്ത്യ കാനൻ നിയമത്തിൽ**

പൗരസ്ത്യ കാനോന സംഹിതയിലെ മുപ്പത് ശീർഷകങ്ങളിൽ പത്താം ശീർഷകം പുരോഹിതശുശ്രൂഷികളെപ്പറ്റിയും (clerics) പന്ത്രണ്ടാം ശീർഷകം സന്യസ്തരെയും മറ്റ് സമർപ്പിതരേയുംപറ്റി പ്രതിപാദിക്കുമ്പോൾ പതിനൊന്നാം ശീർഷകം അത്മായർക്കായാണ് മാറ്റിവച്ചിരിക്കുന്നത്. അങ്ങനെ ദൈവജനത്തിലെ മൂന്ന് വ്യതിരക്തങ്ങളായ ജീവിതാന്തസ്സുകളെയും ഒരേതലത്തിൽ തന്നെ ബഹുമാനവും പദവിയും നല്കിയാണ് പൗരസ്ത്യകാനൻനിയമം രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ദൈവജനത്തെപ്പറ്റിയും അത്മായരെപ്പറ്റിയുമുള്ള പഠനങ്ങളോട് വിശ്വസ്തത പുലർത്തിയിരിക്കുന്നത്. ഈ ശീർഷകത്തിൽ പത്ത് കാനോനകളെയുള്ളുവെങ്കിലും അവ വളരെ അർത്ഥസമ്പുഷ്ടവും *ജനതകളുടെ പ്രകാശം* എന്ന വത്തിക്കാൻ കൗൺസിലിന്റെ പ്രമാണരേഖയുടെ നാലാം അദ്ധ്യായത്തിന്റെയും അതേ കൗൺസിലിന്റെ "അത്മായ പ്രേഷിതത്വ"ത്തെപ്പറ്റിയുള്ള ഡിക്രി (Apostolicam Actuositatem) യോടും അതുപോലെ ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പയുടെ *അത്മായ വിശ്വാസികൾ* (*Christifideles laici*) എന്ന ചാക്രിക ലേഖനത്തോടും വളരെയധികം വിശ്വസ്തത പുലർത്തുന്നതുമാണ്. ലത്തീൻസഭയുടെ കാനൻ നിയമ സംഹിതയിൽ (CIC) 224 മുതൽ 231 വരെയുള്ള കാനോനകളിൽ അത്മായരെപ്പറ്റി പ്രതിപാദിച്ചിട്ടുള്ളതിലും കൂടുതൽ തെളിവുറ്റതും അർത്ഥസമ്പുഷ്ടവുമാണ് പൗരസ്ത്യകാനൻ നിയമത്തിലെ 399 മുതൽ 409 വരെയുള്ള കാനോനകൾ.

പൗരസ്ത്യ കാനൻ നിയമത്തിലെ 399-ാം കാനോന അത്മായരെ ഇങ്ങനെ നിർവചിച്ചിരിക്കുന്നു: "തങ്ങളുടെ സ്വകീയവും പ്രത്യേകവുമായിരിക്കുന്ന അവസ്ഥ ലൗകിക (secular) മായിരിക്കുന്നവരും ലോകത്തിൽ ജീവിച്ചുകൊണ്ട് സഭയുടെ ദൗത്യത്തിൽ പങ്കുപറ്റുന്നവരും തിരുപ്പട്ടങ്ങൾ ഇല്ലാത്തവരും സന്യാസാവസ്ഥയിൽ ചേർക്കപ്പെടാത്തവരുമായ ക്രിസ്തീയ വിശ്വാസികൾക്കാണ് ഈ നിയമസംഹിതയിൽ "അത്മായർ" എന്ന പേര് ബാധകമായിട്ടുള്ളത്." മറ്റൊരു വാക്കിൽ പറഞ്ഞാൽ, *ജനതകളുടെ പ്രകാശം* എന്ന പ്രമാണരേഖയുടെ 31-ാം ഖണ്ഡികയുടെ തനിയാവർത്തനം തന്നെയാണ് ഈ കാനോന. സന്യസ്തരും പുരോഹിതശുശ്രൂഷികളുമല്ലാത്ത ദൈവജനം മുഴുവനും ഈ അത്മായഗണത്തിൽപ്പെടുന്നു. അവരുടെ അവസ്ഥ ലൗകികം (secular) ആണ്. ഭൗതികമേഖലയിലാണവർ വ്യാപരിക്കുന്നത്. അതവരുടെ പ്രവർത്തനമണ്ഡലവുമാണ്. സമർപ്പിതരെപ്പോലെ അവർ ലോകത്തിൽനിന്ന് വേർതിരിക്കപ്പെട്ടിട്ടില്ല. സഭയുടെ ദൗത്യത്തിൽ പങ്കുചേരുവാൻ അവരും വിളിക്കപ്പെട്ടിരിക്കുന്നു. തങ്ങളുടെയും മറ്റുള്ളവരുടെയും വിശുദ്ധീകരണത്തിനായി യത്നിക്കുക എന്ന ദൗത്യം അത്മായർക്കുമുണ്ട്.

**3. അത്മായരുടെ അവകാശങ്ങൾ തിരുസ്സഭയിൽ**

വൈദികരും സന്യസ്തരും അത്മായരുമുൾപ്പെടുന്ന ദൈവജനത്തിന്റെ പൊതുവായ അവകാശങ്ങളെയും കടമകളെയുംപറ്റി പൗരസ്ത്യ കാനോന സംഹിത അതിന്റെ ഒന്നാം ശീർഷകത്തിൽ ഏഴ് മുതൽ ഇരുപത്തിയാറ് വരെയുള്ള കാനോനകളിൽ "വിശ്വാസികളുടെ അവകാശങ്ങളും കടമകളും" എന്ന തലക്കെട്ടിൻ കീഴിൽ പ്രതിപാദിച്ചിരിക്കുന്നത് അത്മായർക്കും ബാധകമാണെന്ന് 400-ാം കാനോന ഓർമ്മിപ്പിക്കുന്നതോടൊപ്പംതന്നെ, അത്മായർക്കുള്ള പ്രത്യേക അവകാശങ്ങളും കടമകളും 401 മുതൽ 409 വരെയുള്ള കാനോനകളിൽ വിശദീകരിക്കുന്നുമുണ്ട്.

***3.1 അത്മായരുൾപ്പെടെയുള്ള എല്ലാ ദൈവവിശ്വാസികളുടെയും പൊതുവായ അവകാശങ്ങളും കടമകളും***

പൗരസ്ത്യ കാനൻ നിയമത്തിലെ പത്താമത്തെ കാനോന എല്ലാ വിശ്വാസികളും തങ്ങളുടെ ക്രൈസ്തവ വിശ്വാസത്തെ പൂർണ്ണതയിൽ കാത്ത് സൂക്ഷിക്കുന്നതിനും അതിനെ വളർത്തുന്നതിനും മറ്റുള്ളവർക്ക് കൈമാറുകയും ചെയ്യുന്നതിനുള്ള അവകാശത്തെയും കടമയെയും കുറിച്ചാണ് പ്രതിപാദിച്ചിരിക്കുന്നത്: "ദൈവവചനത്തെ മുറുകെപ്പിടിച്ചുകൊണ്ടും സഭയുടെ ആധികാരികവും സജീവവുമായ പ്രബോധനാധികാരത്തോട് ചേർന്നുനിന്നുകൊണ്ടും, തങ്ങളുടെ പൂർവ്വികർ വലിയ വിലകൊടുത്ത് സംരക്ഷിക്കുകയും കൈമാറുകയും ചെയ്ത വിശ്വാസത്തെ സമഗ്രമായി നിലനിർത്താനും അത് പരസ്യമായി പ്രഖ്യാപിക്കുവാനും അതുപോലെതന്നെ അതിനെക്കുറിച്ച് കൂടുതലായി പരിജ്ഞാനം നേടുവാനും ഉപവി പ്രവർത്തനങ്ങളിലൂടെ അതിനെ ഫലപ്രദമാക്കുവാനും ക്രൈസ്തവവിശ്വാസികൾ കടപ്പെട്ടിരിക്കുന്നു." പത്താമത്തെ കാനോന, ഒരു കടമയെപ്പറ്റിയാണ് വിശദീകരിക്കുന്നതെങ്കിൽ പന്ത്രണ്ടാമത്തെ കാനോനയും അതുപോലെതന്നെ മറ്റൊരു കടമയെയാണ് ഓർമ്മിപ്പിക്കുന്നത്: "തങ്ങളുടെ പ്രവർത്തനശൈലിയിൽ സഭയുമായുള്ള കൂട്ടായ്മ എല്ലായ്പ്പോഴും നിലനിർത്തുന്നതിന് ക്രിസ്തീയ വിശ്വാസികൾ കടപ്പെട്ടവരാണ്" (CCEO c.12, §1). "സാർവ്വത്രികസഭയോടും തങ്ങളുടെ സ്വയാധികാര സഭയോടു (sui iuris Church) മുള്ള കടമകൾ അവർ ഏറ്റവും ശ്രദ്ധാപൂർവ്വം നിറവേറ്റേണ്ടതാണ്" (CCEO c.12, §2).

12-ാം കാനോനയെപ്പറ്റി *പൗരസ്ത്യസഭകളുടെ കാനോനകൾ സഭാജീവിതത്തിൽ* എന്ന ഗ്രന്ഥം ഇങ്ങനെ വിശദീകരിക്കുന്നു: "കൂട്ടായ്മ" എന്ന ആശയം ഈ കാനോന സംഹിത പല സ്ഥലത്തും വ്യക്തമാക്കുന്നുണ്ട്. വിശ്വാസികളുടെ കൂട്ടായ്മ സഭയിൽ വ്യത്യസ്ത തലങ്ങളിൽ യാഥാർത്ഥ്യമാകുന്നു. ഇടവകതലത്തിലും രൂപതാതലത്തിലും സ്വയാധികാര സഭകളുടെ തലത്തിലും ഇത് കൂടുതൽ വ്യക്തമാണ്. വിശ്വാസികൾ സഭാകൂട്ടായ്മയിൽ നിലനില്ക്കേണ്ടതിന് വിശ്വാസം, കൂദാശകൾ, ഹയരാർക്കി എന്നീ തലങ്ങളിലെല്ലാം കൂട്ടായ്മ കാത്തുസൂക്ഷിക്കപ്പെടേണ്ടതാണ്. ഓരോ വിശ്വാസിയും മാമ്മോദീസാവഴി തങ്ങളുടെ സ്വയാധികാരസഭയിലെ അംഗത്വത്തിലൂടെ കത്തോലിക്കാസഭയാകുന്ന വലിയ കൂട്ടായ്മയിലേക്ക് വരുന്നതിനാൽ  തങ്ങളുടെ സ്വയാധികാരസഭയിലുള്ള കടമകളും അവർ കൃത്യമായി നിർവഹിക്കേണ്ടതാണ്. തങ്ങളുടെ സഭയുടെ വിശ്വാസം, കൂദാശകൾ, ഭരണക്രമം, അച്ചടക്കം എന്നിവയിലുള്ള പൈതൃകം കാത്തുസൂക്ഷിക്കുവാനും അതിനനുസരിച്ച് ജീവിക്കുവാനും ഓരോ വിശ്വാസിക്കും കടമയുണ്ട്. അതിനോടൊപ്പം സാർവ്വത്രികസഭയോടും അവർക്ക് ഉത്തരവാദിത്വങ്ങളുണ്ട്" (സെബാസ്റ്റ്യൻ വടക്കേൽ & ജോർജ്ജ് മഠത്തിക്കണ്ടത്തിൽ, eds. *പൗരസ്ത്യസഭകളുടെ കാനോനകൾ സഭാജീവിതത്തിൽ*, മൂന്നാം പതിപ്പ്, OIRSI No. 314, കോട്ടയം, 2009, പേജ് 70-71).

പതിനാലാം കാനോന സകല വിശ്വാസികൾക്കുമുള്ള മിഷനറിമാരാകുവാനുള്ള അവകാശത്തെയും കടമയെയും പറ്റി പ്രതിപാദിച്ചിരിക്കുന്നു: "എല്ലാക്കാലങ്ങളിലും ലോകത്തെമ്പാടുമുള്ള സകലജനങ്ങൾക്കും രക്ഷയുടെ ദൈവീകസന്ദേശം കൂടുതൽ കൂടുതലായി എത്തിക്കുന്നതിനുവേണ്ടി പ്രവർത്തിക്കുവാൻ എല്ലാ ക്രൈസ്തവവിശ്വാസികൾക്കും അവകാശവും കടമയുമുണ്ട്." "സഭ സ്വഭാവത്താൽത്തന്നെ പ്രേഷിതയാണ്" എന്ന രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പഠനത്തിന്റെ (A.G. 2) വിശദീകരണമാണ് ഈ കാനോന. വൈദികർക്കും സന്യസ്തർക്കും മാത്രമുള്ളതല്ല ഈ അവകാശവും കടമയും, പ്രത്യുത, എല്ലാ അത്മായവിശ്വാസികൾക്കും കൂടിയുള്ളതാണ്. ഇക്കാര്യം *ജനതകളുടെ പ്രകാശം* മുപ്പത്തിമൂന്നാം ഖണ്ഡികയിൽ ഇങ്ങനെ വിശദീകരിക്കപ്പെട്ടിരിക്കുന്നു: "എല്ലാ വിശ്വാസികളെയും പൊതുവായി സ്പർശിക്കുന്ന ഈ പ്രേഷിതത്വത്തിന് പുറമേ നാനാവിധത്തിൽ ഹയരാർക്കിയുടെ പ്രേഷിതത്വത്തിൽ നേരിട്ട് സഹകരിക്കാൻ അത്മായർ വിളിക്കപ്പെടാം. അപ്പസ്തോലനായ വി. പൗലോസിനെ സുവിശേഷവേലയിൽ സഹായിക്കുകയും കർത്താവിനുവേണ്ടി വളരെയേറെ വേല ചെയ്യുകയും ചെയ്ത ആ പുരുഷന്മാരും സ്ത്രീകളും ഇങ്ങനെയായിരുന്നുവല്ലോ (ഫിലി. 4:3; റോമ 16:3). കൂടാതെ, ആത്മീയലക്ഷ്യപ്രാപ്തിക്കായി ഉദ്ദ്യേശപ്പെട്ടിരിക്കുന്ന സഭാസംബന്ധിയായ ഏതെങ്കിലും ജോലി നിർവഹിക്കുവാൻ ഹയരാർക്കിയാൽ നിയമിക്കപ്പെടുന്നതിന് അത്മായർ യോഗ്യരാണ്. അതുകൊണ്ട് രക്ഷയുടെ ദൈവീകപദ്ധതി എല്ലാക്കാലത്തും എല്ലാ സമയത്തുമുള്ള എല്ലാ മനുഷ്യരിലേക്കും കൂടുതൽ കൂടുതൽ വ്യാപിപ്പിക്കുക എന്ന മഹനീയ ധർമ്മം അത്മായർക്കുണ്ട്."

തിരുസ്സഭാധികാരികളെ അനുസരിക്കുവാനുള്ള ദൈവജനത്തിന്റെ കടമയെപ്പറ്റിയാണ് പതിനഞ്ചാം കാനോന പഠിപ്പിക്കുന്നത്: "ക്രിസ്തുവിന്റെ പ്രതിനിധികളായ സഭയിലെ ഇടയന്മാർ വിശ്വാസപ്രബോധകർ എന്ന നിലയിൽ പ്രഖ്യാപിക്കുന്നതോ സഭയുടെ ഭരണാധികാരികൾ എന്ന നിലയിൽ തീരുമാനിക്കുന്നതോ ആയ കാര്യങ്ങളോട്, തങ്ങളുടെ ഉത്തരവാദിത്വത്തെക്കുറിച്ച് ബോധവാന്മാരായിക്കൊണ്ട്, ക്രിസ്തീയമായ അനുസരണം കാണിക്കുവാൻ ക്രൈസ്തവവിശ്വാസികൾക്ക് കടമയുണ്ട്" (CCEO c.15, §1). ഇവിടെ പറയുന്ന അനുസരണത്തിനുള്ള കടമ പുരോഹിതശുശ്രൂഷികൾ, സന്യസ്തർ, അത്മായർ തുടങ്ങി എല്ലാ വിശ്വാസികൾക്കുമുള്ളതാണ്. അതുപോലെതന്നെ അവർ അനുസരിക്കേണ്ടത് സഭയുടെ ഔദ്യോഗിക പ്രബോധനാധികാരത്താൽ പഠിപ്പിക്കുന്നത് മാത്രമല്ല, മറിച്ച്, "സഭയുടെ ഭരണാധികാരികൾ എന്ന നിലയിൽ തീരുമാനിക്കുന്ന"  കാര്യങ്ങൾ കൂടിയാണ്. മറ്റൊരുവാക്കിൽ പറഞ്ഞാൽ വിശ്വാസവും സന്മാർഗ്ഗവും

സംബന്ധിച്ച സഭാധികാരികളുടെ പഠനങ്ങൾ സ്വീകരിക്കുന്നതോടൊപ്പംതന്നെ സഭാധികാരികളുടെ എല്ലാ തീരുമാനങ്ങളും, അവ പാപകരമല്ലാത്തിടത്തോളംകാലം, അനുസരിക്കുവാൻ എല്ലാ സഭാതനയരും കട പ്പെട്ടിരിക്കുന്നു. ഈ പൊതുവായ ഉത്തരവാദിത്വത്തിൻകീഴിൽ വരുന്നതാണ് ആരാധനക്രമസംബന്ധി യായ സിനഡിന്റെ തീരുമാനങ്ങൾ സഭാതനയർ അനുസരിക്കുക എന്നതും; എറണാകുളം-അങ്കമാലി അതിരൂപതയുടെ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററായി മാർ ആൻഡ്രൂസ് താഴത്തിനെ ഫ്രാൻസിസ് മാർപ്പാപ്പ നിയമിച്ചത് അംഗീകരിക്കുകയും അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ എന്ന നിലയിൽ ആൻഡ്രൂസ് താഴത്ത് പിതാവ് എടുക്കുന്ന എല്ലാ തീരുമാനങ്ങളും – അവ നിയമവിരുദ്ധവും പാപകരവു മല്ലാത്തിടത്തോളംകാലം – അനുസരിക്കുക എന്നതും. ഒരു അധികാരിയുടെ ഏതെങ്കിലും ഒരു തീരു മാനം നിയമവിരുദ്ധമാണെന്ന് തോന്നിയാൽപോലും അത് അനുസരിക്കാതിരിക്കുകയല്ല വേണ്ടത്, പ്രത്യു ത, നിയമപരമായ മാർഗ്ഗങ്ങളിലൂടെ ആ അധികാരിയുടെ ഉന്നതാധികാരകളെ ആ വിവരം ധരിപ്പിക്കുക എന്നതാണ്. സ്വഭാവത്താലെ പാപകരമായ എന്തെങ്കിലും ചെയ്യുവാൻ ഏതെങ്കിലും ഒരു അധികാരി കല്പിച്ചാൽ അതനുസരിക്കുവാൻ ആർക്കും കടമയില്ല എന്നതും ഇത്തരുണത്തിൽ ഓർമ്മിക്കേണ്ടതാ ണ്. അധികാരിയുടെ ഒരു കല്പന അനീതിപരമാണെന്ന് തോന്നിയാൽ ആ വിവരം ആ അധികാരി യെയും തുടർന്ന് അദ്ദേഹത്തിന്റെ ഉന്നതാധികാരികളെയും അറിയിക്കുവാനുള്ള അവകാശവും കടമയും ഓരോ വിശ്വാസിക്കുമുണ്ട്. അങ്ങനെ, ശരിയായ നടപടിക്രമം പാലിച്ചുകൊണ്ട് ഉന്നതാധികാരിയെ സമീ പിക്കുന്നത് ഒരിക്കലും അനുസരണക്കേടായി കരുതുകയുമില്ല.

സഭയിലെ ഇടയന്മാരെ അനുസരിക്കണമെന്ന് പറയുന്ന അതേ കാനോനയുടെ രണ്ടാം ഖണ്ഡിക, വിശ്വാസികൾക്ക് കടമകൾ മാത്രമല്ല, പ്രത്യുത, ചില അവകാശങ്ങൾകൂടിയുണ്ട് എന്നുകൂടി ഓർമ്മിപ്പി ക്കുന്നുണ്ട്: "തങ്ങളുടെ ആവശ്യങ്ങളും – പ്രത്യേകിച്ച് ആദ്ധ്യാത്മികമായവ – ആഗ്രഹങ്ങളും സഭയിലെ ഇടയന്മാരെ അറിയിക്കുവാൻ ക്രിസ്തീയ വിശ്വാസികൾക്ക് സ്വാതന്ത്ര്യമുണ്ട്" (CCEO c.15, §2). തീരു മാനങ്ങളെടുക്കുന്നതിന് മുമ്പും അത് നടപ്പിലാക്കുന്ന കാര്യത്തിലും വിശ്വാസികളുടെ മനസ്സും അഭിപ്രാ യവും അറിയുവാൻ സഭാധികാരികൾ ശ്രമിക്കുന്നത് ഈ പശ്ചാത്തലത്തിലാണ്. ഇതേ കാനോനയുടെ മൂന്നാം ഖണ്ഡിക ഇങ്ങനെ നിഷ്കർഷിച്ചിരിക്കുന്നു: "സഭയുടെ നന്മയെ സംബന്ധിക്കുന്ന കാര്യങ്ങ ളിൽ തങ്ങളുടെ അഭിപ്രായം സഭയിലെ ഇടയന്മാരെയും, വിശ്വാസത്തിന്റെയും ധാർമ്മികതയുടെയും സമഗ്രതയ്ക്കും അതേ ഇടയന്മാരോടുള്ള ബഹുമാനത്തിനും തക്കതായ പരിഗണന നല്കിക്കൊണ്ടും പൊതുനന്മയും വ്യക്തികളുടെ പദവിയും കണക്കിലെടുത്തുകൊണ്ടും ക്രിസ്തീയവിശ്വാസികളിൽ മറ്റു ള്ളവരെയും, അറിയിക്കുവാൻ തങ്ങളുടെ അറിവിനും പ്രാപ്തിക്കും സ്ഥാനത്തിനുമനുസരിച്ച് വിശ്വാസി കൾക്ക് അവകാശവും ചിലപ്പോൾ കടമയുമുണ്ട്."

പതിനഞ്ചാം കാനോനയുടെ ഒന്നാം ഖണ്ഡിക അനുസരണമെന്ന കടമയെപ്പറ്റി ഓർമ്മിപ്പിക്കുമ്പോൾ, അതേ കാനോനയുടെ രണ്ടാം ഖണ്ഡിക വിശ്വാസികളുടെ ആവശ്യങ്ങൾ അധികാരികളെ അറിയിക്കു വാനുള്ള അവരുടെ അവകാശത്തെപ്പറ്റി പ്രതിപാദിക്കുന്നു. വിശ്വാസികളുടെ അവകാശം – പ്രത്യേകമാ യിട്ടും ആദ്ധ്യാത്മികമായിട്ടുള്ളത് – സഭാധികാരികളെ അവർ അറിയിക്കുമ്പോൾ, ആ അവകാശം – അത് ന്യായവും നിയമാനുസൃതമുള്ളതും വിശ്വാസികളുടെ ആദ്ധ്യാത്മിക ഉന്നതിക്ക് ഉപകരിക്കുന്നതു മായിരിക്കുന്നിടത്തോളം കാലം – നടത്തിക്കൊടുക്കുവാനുള്ള ഉത്തരവാദിത്വം സഭാധികാരികൾക്കുമു ണ്ട്. ഇതേ കാനോനയുടെ മൂന്നാം ഭാഗം വിശ്വാസികൾക്കുള്ള മറ്റൊരു അവകാശത്തെയും കടമയെയും കുറിച്ചുള്ളതാണ്: അതായത്, തങ്ങളുടെ അഭിപ്രായം സഭാധികാരികളെ അറിയിക്കുവാനുള്ള അവരുടെ അവകാശവും കടമയും. ഈ അവകാശവും കടമയും നിർവഹിക്കുമ്പോൾ ഓർത്തിരിക്കേണ്ട ചില പ്രധാ നപ്പെട്ട കാര്യങ്ങളും നിബന്ധനകളും ഈ കാനോന വ്യക്തമാക്കുന്നുണ്ട്: "അത് വിശ്വാസത്തിന്റെയും ധാർമ്മികതയുടെയും സമഗ്രതയ്ക്കും അതേ ഇടയന്മാരോടുള്ള ബഹുമാനത്തിനും തക്കതായ പരിഗ ണന നല്കിക്കൊണ്ടും പൊതുനന്മയും വ്യക്തികളുടെ പദവിയും കണക്കിലെടുത്തുകൊണ്ടും" ആയിരി ക്കണം എന്നതാണ് ആ നിബന്ധനകൾ.

പതിനഞ്ചാം കാനോനയിലെ ഈ മൂന്ന് ഭാഗങ്ങളും കാനൻ നിയമപണ്ഡിതരുടെ വെറും കണ്ടുപിടി ത്തമല്ല; പ്രത്യുത, രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ *ജനതകളുടെ പ്രകാശം* എന്ന പ്രമാണരേഖ യിലെ പഠനങ്ങളിൽ കാണുന്നവതന്നെയാണ്. ഈ പ്രമാണരേഖയിലെ മുപ്പത്തിയേഴാം ഖണ്ഡികയിൽ നാം ഇങ്ങനെ വായിക്കുന്നു: "ക്രിസ്തുവിന്റെ പ്രതിപുരുഷന്മാരും സഭയിലെ ഉപദേഷ്ടാക്കളും ഭരണ കർത്താക്കളും എന്ന നിലയ്ക്ക് അജപാലകർ നിശ്ചയിക്കുന്നതെല്ലാം ക്രിസ്തീയമായ അനുസരണ ത്തോടെ അത്മായരും മറ്റെല്ലാ വിശ്വാസികളേയുംപോലെ തന്നെ സോത്സാഹം സ്വീകരിക്കണം. മരണം വരെയുള്ള തന്റെ അനുസരണത്താൽ ദൈവപുത്രന്മാരുടെ സ്വാതന്ത്ര്യത്തിലേക്കുള്ള അനുഗ്രഹീതമാർഗ്ഗം വെട്ടിത്തുറന്നുതന്ന ക്രിസ്തുവിന്റെ മാതൃക അവർ അനുകരിക്കട്ടെ." അതുപോലെതന്നെ, പതിനഞ്ചാം കാനോനയുടെ രണ്ടും മൂന്നും ഖണ്ഡികകളുടെ അടിസ്ഥാനവും *LG* 37 തന്നെയാണ്: "ദൈവപുത്ര ന്മാർക്കും ക്രിസ്തുവിന്റെ സഹോദരന്മാർക്കും യോജിച്ച സ്വാതന്ത്ര്യത്തോടും മനോവിശ്വാസത്തോടും കൂടി അത്മായർ തങ്ങളുടെ ആവശ്യങ്ങളും അഭിലാഷങ്ങളും അവരെ അറിയിക്കണം. നല്ല അറിവും

കാര്യക്ഷമതയും അസാമാന്യ സാമർത്ഥ്യവുമുള്ള അത്മായർക്കും സഭയുടെ നന്മയെ സംബന്ധിക്കുന്ന കാര്യങ്ങളെപ്പറ്റി സ്വാഭിപ്രായം പ്രകടിപ്പിക്കാൻ അനുവാദമുണ്ടെന്ന് മാത്രമല്ല, ചിലപ്പോൾ അതിന് കടമയുമുണ്ട്. അതിനുള്ള അവസരങ്ങൾ സംജാതമാകുമ്പോൾ അത് നിർവഹിക്കേണ്ടത് സഭ ഇതിനായി നിശ്ചയിച്ചിരിക്കുന്ന സംഘടനവഴിയാണ്. എപ്പോഴും സത്യത്തോടും ധൈര്യത്തോടും വിവേകത്തോടും, വിശുദ്ധമായ ഉദ്യോഗത്താൽ ക്രിസ്തുവിന്റെ സ്ഥാനം വഹിക്കുന്നവർക്കുനേരെയുള്ള ബഹുമാനത്തോടും സ്നേഹത്തോടുംകൂടി വേണം ഇത് നിർവഹിക്കുവാൻ."

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ മുകളിൽ ഉദ്ധരിച്ച പഠനങ്ങളുടെയും പതിനഞ്ചാം കാനോനയുടെ രണ്ടും മൂന്നും ഖണ്ഡികകളിലെ നിർദ്ദേശങ്ങളുടെയും വെളിച്ചത്തിലാണ്, സീറോ-മലബാർ പെർമനന്റ് സിനഡ് ഏകീകൃത കുർബാനയർപ്പണരീതി എറണാകുളം-അങ്കമാലി അതിരൂപതയിൽ നടപ്പിലാക്കേണ്ട രീതിയെപ്പറ്റിയും സമയക്രമത്തെപ്പറ്റിയും അതിരൂപതയിലെ വൈദിക, അത്മായ പ്രതിനിധികളോട് ചർച്ച നടത്തുവാൻ മൂലക്കാട്ട് പിതാവും പാംബ്ലാനി പിതാവും ചിറ്റൂപ്പറമ്പിൽ പിതാവും അടങ്ങുന്ന ഒരു മെത്രാൻ സബ്കമ്മറ്റി രൂപീകരിച്ചതെന്ന് വേണം അനുമാനിക്കാൻ. എന്നാൽ, ഈ കമ്മിറ്റിയുടെ രൂപീകരണം വളരെയധികം തെറ്റിദ്ധാരണകൾക്കിടം കൊടുത്തു എന്നതാണ് വാസ്തവം.

ഒന്നാമതായി, സീറോ-മലബാർ ലിറ്റർജി സംബന്ധിയായ സിനഡിന്റെ തീരുമാനം പരിശുദ്ധ സിംഹാസനം അംഗീകരിച്ച് കഴിഞ്ഞതോടുകൂടി അത് സഭയിലെ നിയമമായിക്കഴിഞ്ഞു എന്നുള്ളതാണ്. ഈ വസ്തുത ആ സഭാംഗങ്ങളെല്ലാവരും അംഗീകരിക്കുക മാത്രമാണ് കരണീയമായിട്ടുള്ളത്. അല്ലാതെ, അത് വേണമോ വേണ്ടായോ എന്നുള്ള ചർച്ച പ്രസക്തമല്ല. അങ്ങനെയൊരു ചർച്ച നൈയാമികമായി സാദ്ധ്യവുമല്ല. സുപ്രീംകോടതിയുടെ ഒരു ഫുൾബെഞ്ച്, ഏകകണ്ഠേനയല്ലെങ്കിൽപ്പോലും, ഭൂരിപക്ഷാഭിപ്രായത്താൽ നല്കിയ ഒരു വിധി, അത് രാജ്യത്തിന്റെ നിയമമാണ്. അത് നടപ്പിലാക്കേണ്ടതുമാണ്. അത് നടപ്പിലാക്കേണ്ട രീതിയെപ്പറ്റി (modus operandi of execution) തല്പരകക്ഷികളോട് സംസാരിക്കാമെന്നല്ലാതെ ആ വിധി തിരുത്തുന്നതിനെപ്പറ്റിയോ, ചില സ്ഥലങ്ങളിലെ എതിർപ്പ് പരിഗണിച്ച് ആ സ്ഥലങ്ങളിൽ അവ നടപ്പിലാക്കാതിരിക്കുന്നതിനെപ്പറ്റിയോ ചർച്ച ചെയ്താൽ അത് നിയമവിരുദ്ധവും കോടതി അലക്ഷ്യവുമായി മാത്രമേ നിയമവിദഗ്ദ്ധരും നിയമപാലകരും കരുതുകയുള്ളൂ. ഒരു ന്യായാധിപൻ നിയമത്തിന്റെ ഉപാസകനാകേണ്ടവനാണ്. ഏതെങ്കിലും ഒരു നിയമം ആരുടെയെങ്കിലും മനുഷ്യാവകാശമോ നൈയാമിക അവകാശമോ (statutory right) എടുത്തുകളയുന്ന സാഹചര്യത്തിൽ മാത്രമേ ആ നിയമത്തിന്റെ സാധുതയെപ്പറ്റിയും ആ നിയമം നടപ്പിലാക്കാതെ മാറ്റി വയ്ക്കുന്നതിനെ (rescind) പ്പറ്റിയുമുള്ള ചർച്ചയ്ക്ക് നൈയാമികമായി പ്രസക്തിയുള്ളു. എന്നാൽ, ഈ വസ്തുതകളൊന്നും മനസ്സിലാക്കാതെയുള്ള, അനവസരത്തിലുള്ള ഒരു ഇടപെടൽ, സമൂഹമദ്ധ്യത്തിലും സഭാമദ്ധ്യത്തിലും നിലയും വിലയുമുണ്ടായിരുന്ന, സുപ്രീം കോടതിയിൽനിന്നും വിരമിച്ച ഒരു ന്യായാധിപന്റെ ഭാഗത്തുനിന്നുണ്ടായതും അതിനുള്ള സഭാധികാരികളുടെ യുക്തവും വ്യക്തവുമായ മറുപടിയും നാമാരും മറന്നിട്ടില്ല. തീർച്ചയായിട്ടും ആ ന്യായാധിപൻ അർഹമായ ബഹുമാനാദരവുകൾ സഭാധികാരികൾക്ക് നൽകിക്കൊണ്ടാണ് തന്റെ അഭിപ്രായം വ്യക്തമാക്കിയത്; അതിനാൽത്തന്നെ പതിനഞ്ചാം കാനോനയനുസരിച്ചുള്ള തന്റെ അവകാശവും കടമയുമാണ് അദ്ദേഹം നിർവഹിച്ചതെന്ന് വേണമെങ്കിൽ പറയാം. എന്നാൽ, അദ്ദേഹത്തിന്റെ ആ രീതിയിലുള്ള അഭിപ്രായപ്രകടനം "പൊതുനന്മയും വ്യക്തികളുടെ പദവിയും കണക്കിലെടുത്തുകൊണ്ട്" ഉള്ളതായിരുന്നുവോ എന്ന ചോദ്യം പ്രസക്തമാണ്. ഇരുപതിൽപ്പരം വർഷത്തെ ചർച്ചകൾക്കുശേഷം സീറോ-മലബാർ സഭയുടെ നിയമനിർമ്മാണ സഭയായ സിനഡ് തീരുമാനിച്ച് പരിശുദ്ധ സിംഹാസനത്തിന്റെ അംഗീകാരത്തോടുകൂടി നിയമമാക്കിയ കാര്യത്തെപ്പറ്റി, അതും മുപ്പത്തഞ്ച് രൂപതകളിൽ മുപ്പത്തിനാലിലും നടപ്പിലാക്കിയ ഒരു നിയമത്തെപ്പറ്റി, ഒരു രൂപതയിലെ എതിർപ്പ് മാത്രം പരിഗണിച്ചുകൊണ്ട് വീണ്ടും ആ നിയമം വേണമോ റദ്ദാക്കണമോ എന്ന് ചർച്ച ചെയ്യണമെന്ന് പറയുന്ന ഈ ന്യായാധിപൻ, കാശ്മീരിലെ തീവ്രവാദികൾ അംഗീകരിക്കുന്നില്ല എന്നതിന്റെ പേരിൽ ഇന്ത്യൻ പാർലമെന്റ് പാസ്സാക്കിയ ഒരു നിയമം റദ്ദ് ചെയ്യണമെന്ന് ഇന്ത്യൻ ഭരണകൂടത്തോടോ പാർലമെന്റിനോടോ അപേക്ഷിച്ചതായും കണ്ടിട്ടില്ല.

രണ്ടാമതായി, എറണാകുളം-അങ്കമാലി അതിരൂപത ഇപ്പോൾ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററുടെ ഭരണത്തിൻകീഴിലാണ്. എന്നുപറഞ്ഞാൽ, ആ അതിരൂപതയുടെ ഭരണം മാർപ്പാപ്പ നേരിട്ട് ഏറ്റെടുത്ത് തന്റെ പ്രതിനിധിയായി ആർച്ച് ബിഷപ്പ് ആൻഡ്രൂസ് താഴത്ത് പിതാവിനെ നിയമിച്ചിരിക്കുകയാണ്. തൽസ്ഥിതി തുടരുന്നിടത്തോളം കാലം മേജർ ആർച്ച് ബിഷപ്പിനോ സീറോ-മലബാർ സഭയുടെ സിനഡിനോ ആ രൂപതയിൽ യാതൊരു അഡ്മിനിസ്ട്രേറ്റീവ് അധികാരങ്ങളും ഉണ്ടായിരിക്കുകയില്ല. വസ്തുത ഇതായിരിക്കെ, ഇതൊന്നും മനസ്സിലാക്കാതെയെന്ന് തോന്നിപ്പിക്കുന്ന വിരമിച്ച ന്യായാധിപന്റെ സന്ദേശം എറണാകുളത്തെ വിമതർക്ക് അനല്പമായ സന്തോഷം പകർന്നതിനപ്പുറം എന്തെങ്കിലും "പൊതുനന്മ"യ്ക്ക് ഉപകരിച്ചതായി കാണപ്പെടുന്നില്ല.

മൂന്നാമതായി, പെർമനന്റ് സിനഡ് നിയമിച്ച മൂന്നംഗ മെത്രാൻ സമിതിയുടെ ചർച്ചാവിഷയവും ചർച്ചാ

ലക്ഷ്യവും (terms of reference) പ്രസിദ്ധീകരിക്കാതിരുന്നതുകൊണ്ട് എറണാകുളം വിമതർ ആ ചർച്ച കളെപ്പറ്റി പറഞ്ഞ കാര്യങ്ങൾ സത്യമാണ് എന്ന തെറ്റിദ്ധാരണ വിശ്വാസസമൂഹത്തിൽ ഉണ്ടാകുവാൻ കാരണമായി. സീറോ-മലബാർ സഭയുടെ മീഡിയാകമ്മീഷനോ മേജർ ആർക്കിഎപ്പിസ്കോപ്പൽ കൂരി യായോ സമയാസമയങ്ങളിൽ ആവശ്യമായ വിശദീകരണങ്ങൾ ഇക്കാര്യത്തിൽ നല്കേണ്ടിയിരുന്നു എന്ന താണ് ഈ ലേഖകന്റെ സുചിന്തമായ അഭിപ്രായം. അതോടൊപ്പം തന്നെ പ്രസക്തമായ മറ്റൊരു ചോദ്യ മാണ്, പെർമനന്റ് സിനഡിലെ അംഗമായ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ ആശീർവാദത്തോടും അംഗീകാരത്തോടുംകൂടിയാണോ ഈ മെത്രാൻ സമിതിയുടെ നിയമനം എന്നത്. അല്ലെങ്കിൽ, ഈ സമി തിയുടെ നിയമനം, പെർമനന്റ് സിനഡിന്റെ അധികാരത്തിന് പുറത്ത് (ultra vires) ഉള്ളതും തദ്വാര അസാധുവുമായി പരിഗണിക്കേണ്ടി വരും. എന്നാൽ, അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററിന്റെ ആശീർവാദ അംഗീകാരത്തോടുകൂടിയുള്ളതാണെങ്കിൽ, അതിന്റെ ചർച്ചാവിഷയത്തിൽ, അദ്ദേഹത്തിന്റെ നിയമനപ ത്രത്തിൽ അദ്ദേഹത്തോട് ചെയ്യണമെന്ന് പരിശുദ്ധ സിംഹാസനം കല്പിച്ചിട്ടുള്ള കാര്യങ്ങൾ ഉൾപ്പെടു ത്തുന്നത്, അവ നടപ്പിലാക്കണമോ വേണ്ടയോ എന്ന് ചർച്ച ചെയ്യാനാവരുത്, പ്രത്യേകിച്ച് അവ എങ്ങനെ എത്രയും വേഗം നടപ്പിലാക്കണം എന്ന് തീരുമാനിക്കുവാൻ മാത്രമായിരിക്കണം. ഏതായാലും മെത്രാൻ ഉപസമിതിയുടെ നിയമനവും ആ സമിതിനടത്തിയ ചർച്ചകളെപ്പറ്റിയുള്ള വിമതനേതാക്കളുടെ വിശദീ കരണവും സഭയുടെ ഔദ്യോഗികഭാഗത്തുനിന്ന് ചർച്ചാവിഷയങ്ങളും ഉപസമിതിയുടെ ലക്ഷ്യങ്ങളും പ്രസിദ്ധീകരിക്കാതിരുന്നതും, സംഗതി കൂടുതൽ വഷളാക്കുകയാണ് ചെയ്തതെന്ന് ചിലരെങ്കിലും ചിന്തി ക്കുന്നുണ്ട് എന്നതാണ് വസ്തുത. അതുപോലെതന്നെ, ഒരു മെത്രാൻ സമിതി അത്മായനേതാക്കളോട് ചർച്ച ചെയ്യുമ്പോൾ, അതിരൂപതയിലെ 'കാത്തലിക്' ആയി രൂപതാനേതൃത്വം അംഗീകരിച്ച സംഘടന യുടെ നിയമപ്രകാരം തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളോടാണ് ചർച്ച ചെയ്യേണ്ടത്. *ജനതകളുടെ പ്രകാശം* 37-ാം ഖണ്ഡികയിൽ അത് വ്യക്തമാക്കിയിരിക്കുന്നത് മുകളിൽ നാം ഉദ്ധരിച്ചതാണ്. എന്നാൽ അതിരൂ പതാ ഭരണാധികാരികൾ അംഗീകരിച്ച്, സ്വന്തമായ നിയമാവലി അനുസരിച്ച് തിരഞ്ഞെടുക്കപ്പെട്ട അത്മാ യ നേതൃത്വ നിരയുമായി സംവദിക്കുന്നതിന് പകരം, സഭയെ ശിഥിലമാക്കുവാൻ സഭാവിരുദ്ധ ശക്തിക ളിൽനിന്നും അച്ചാരംവാങ്ങി, പന്തംകൊളുത്തി പ്രകടനവും മേജർ ആർച്ച് ബിഷപ്പിന്റെയും സാന്ദ്രി പിതാ വിന്റെയും കോലം കത്തിക്കലും നടത്തുകയും മിക്ക ദിവസങ്ങളിലും നവമാദ്ധ്യമങ്ങളിലൂടെ സഭാനേ തൃത്വത്തെ വെല്ലുവിളിക്കുകയും അടച്ചാക്ഷേപിക്കുകയും ചെയ്യുന്നവരോട് ചർച്ച ചെയ്തത് വെളുക്കാൻ തേച്ചത് പാണ്ടായി എന്ന് പറഞ്ഞതുപോലെ ആയിത്തീർന്നില്ലേയെന്ന് സഭാധികാരികൾ ആത്മപരിശോ ധന നടത്തേണ്ടതുണ്ട്.

അത്മായരുടെ അവകാശങ്ങളെയും കടമകളെയും വിശദീകരിക്കുന്ന ഈ ലേഖനത്തിൽ പൗരസ്ത്യ കാനൻ നിയമത്തിലെ പതിനേഴാം കാനോന വിശദീകരിക്കേണ്ടത് അത്യന്താപേക്ഷിതമാണ്: "തങ്ങളുടെ സ്വയാധികാരസഭയുടെ നിബന്ധനകൾക്കനുസരിച്ച് ദൈവാരാധന നടത്തുന്നതിനും സഭയുടെ പ്രബോ ധനങ്ങൾക്കനുസൃതമായി തങ്ങളുടെ ആദ്ധ്യാത്മിക ജീവിതരീതി പിഞ്ചെല്ലുന്നതിനും ക്രൈസ്തവവി ശ്വാസികൾക്ക് അവകാശമുണ്ട്." മറ്റൊരു വാക്കിൽ പറഞ്ഞാൽ, എല്ലാ സീറോ-മലബാർ സഭാംഗങ്ങളു ടെയും അടിസ്ഥാനപരമായ അവകാശമാണ് (fundamental right) സീറോ-മലബാർ സഭയുടെ സിനഡ് അംഗീകരിച്ച്, പരിശുദ്ധ സിംഹാസനത്തിന്റെ സമ്മതത്തോടെ, മേജർ ആർച്ച് ബിഷപ്പ് വിളംബരം ചെയ്ത് നടപ്പിലാക്കിയ വിശുദ്ധ കുർബാനയർപ്പണരീതി അനുസരിച്ചുള്ള വിശുദ്ധ കുർബാനയർപ്പണത്തിൽ പങ്കു ചേരുകയെന്നത്. സീറോ-മലബാർ സഭയിലെ വിശ്വാസികളുടെ ഈ അവകാശത്തെയാണ് എറണാകു ളം-അങ്കമാലി അതിരൂപതയിലെ ഭൂരിഭാഗം വരുന്ന വൈദികർ ചവിട്ടിമെതിച്ചുകൊണ്ടിരിക്കുന്നത്. നിയ മലംഘനം അവസാനിപ്പിക്കുവാനും നിയമലംഘകർക്കെതിരെ കാർക്കശ്യം (akribeia) ആവശ്യമായി വന്നാൽ ശിക്ഷാനിയമത്തിന്റെയും (penal law) ശിക്ഷാനടപടികളുടെയും (penal procedure) ഉപയോ ഗത്തിലേക്ക് കടന്നുകൊണ്ട് നിയമവാഴ്ച (rule of law) അതിരൂപതയിൽ നടപ്പിൽ വരുത്തുവാനും ഇനിയും അമാന്തിക്കുന്നത് കൂടുതൽ അപകടത്തിലേക്ക് നയിക്കുവാനാണ് സാദ്ധ്യത. നിയമലംഘനം നടത്തുന്നത് ആരായിരുന്നാലും, അത് കത്തീഡ്രൽപള്ളി വികാരി ആയിരുന്നാൽ പോലും, 1390-ാം കാനോ നയുടെ നാലാം നമ്പറിൽ പറയുന്ന "ഇടയധർമ്മങ്ങളിലുള്ള ഗൗരവമായ ഉപേക്ഷയോ കടമകളുടെ ലംഘ നമോ" എന്ന വകുപ്പുമാത്രമല്ല, പ്രത്യുത 1473-ാം കാനോനയനുസരിച്ച് വേണമെങ്കിലും "തിരുപ്പട്ടം, ഉദ്യോ ഗം, ശുശ്രൂഷ അല്ലെങ്കിൽ മറ്റൊരു ചുമതല എന്നിവയുടെ വിനിയോഗത്തിൽനിന്നും കുറ്റാരോപിതനെ തടയുന്നതിന്" അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററിന് കഴിയും. വി. പൗലോസ് ശ്ലീഹാ റോമാക്കാർക്കുള്ള ലേഖനത്തിൽ വ്യക്തമാക്കുന്നതുപോലെ അധികാരികൾ "വാൾ ധരിച്ചിരിക്കുന്നത് വെറുതെയല്ല" (റോമ 13:1-5) എന്ന് എല്ലാവർക്കും മനസ്സിലാകണമെങ്കിൽ ശിക്ഷാനിയമങ്ങളും ശിക്ഷാനടപടികളും (penal law and penal procedure) കാനൻനിയമത്തിൽപ്പെടുത്തിയിരിക്കുന്നത് വെറും അലങ്കാരത്തിനുവേണ്ടി യല്ല എന്ന ബോദ്ധ്യം അവർക്കും ആവശ്യമാണ്.

വൈദികർക്കും സന്യസ്തർക്കും അത്മായർക്കുമുള്ള മറ്റൊരവകാശമാണ് സംഘടനാസ്വാതന്ത്ര്യം എന്ന് പതിനെട്ടാം കാനോന വ്യക്തമാക്കുന്നുണ്ട്. എന്നാൽ അങ്ങനെയുള്ള സംഘടനകൾക്ക് "കത്തോ

ലിക്കാ" എന്ന പേരിനർഹതയുണ്ടാകണമെങ്കിൽ "തക്ക സഭാധികാരികളുടെ" സമ്മതം ആവശ്യമാണെന്ന് പത്തൊൻപതാം കാനോനയും വ്യക്തമാക്കുന്നു: "ഉപവിയും ഭക്തിയും ലക്ഷ്യമാക്കിയോ ലോകത്തിൽ ക്രിസ്തീയ ദൈവവിളി പരിപോഷിപ്പിക്കുന്നതിനായിട്ടോ സംഘടനകൾ സ്ഥാപിക്കുന്നതിനും നടത്തുന്നതിനും അതുപോലെതന്നെ ലക്ഷ്യപ്രാപ്തിക്കായി ഒരുമിച്ച് പ്രവർത്തിക്കുവാനായി സമ്മേളനം കൂടുന്നതിനും ക്രൈസ്തവവിശ്വാസികൾക്ക് സ്വാതന്ത്ര്യമുണ്ട്" (CCEO c.18). "സഭയുടെ ദൗത്യത്തിൽ എല്ലാ ക്രൈസ്തവവിശ്വാസികളും പങ്കുപറ്റുന്നതിനാൽ തങ്ങളുടെ പദവിക്കും അവസ്ഥയ്ക്കും (state and condition) അനുസൃതമായി, തങ്ങളുടേതായ സംരംഭങ്ങളിലൂടെ അപ്പസ്തോലിക പ്രവർത്തനത്തെ പ്രോത്സാഹിപ്പിക്കുവാനും സഹായിക്കുവാനും അവർക്ക് അവകാശമുണ്ട്. എന്നിരുന്നാലും സഭാധികാരികളുടെ സമ്മതം ലഭിക്കാത്തപക്ഷം ഒരു സംരംഭത്തിനും 'കത്തോലിക്ക' (catholic) എന്ന പേരിന് അർഹതയുണ്ടാവുകയില്ല" (CCEO c.19). ഒരു സംഘടനയ്ക്കോ സംരംഭത്തിനോ സഭാധികാരികളുടെ അംഗീകാരം കിട്ടുന്നതിനുള്ള നിബന്ധനകൾ 921 മുതൽ 923 വരെയുള്ള കാനോനകളിൽ പ്രതിപാദിച്ചിട്ടുണ്ട്.

### *3.2. അത്മായരുടെ പ്രത്യേക അവകാശങ്ങളും കടമകളും*

അത്മായരുടെ പ്രത്യേകമായ അവകാശങ്ങളും കടമകളും 401 മുതൽ 409 വരെയുള്ള കാനോനകളിലാണ് വിശദീകരിച്ചിരിക്കുന്നത്. 401-ാം കാനോന ഇങ്ങനെ നിർദ്ദേശിക്കുന്നു: "അത്മായർ ആദ്യമായി ദൈവരാജ്യം അന്വേഷിക്കേണ്ടത് തങ്ങളുടെ ദൈവവിളിയുടെ ഭാഗമായി ഭൗതികകാര്യങ്ങൾ ദൈവപദ്ധതിപ്രകാരം നിർവഹിച്ചും ക്രമീകരിച്ചുംകൊണ്ടാണ്. അതുകൊണ്ട് തങ്ങളുടെ സ്വകാര്യ-കുടുംബ-രാഷ്ട്രീയ-സാമൂഹിക ജീവിതത്തിൽ അവർ ക്രിസ്തുവിന് സാക്ഷ്യം വഹിക്കുകയും ക്രിസ്തുവിനെ മറ്റുള്ളവർക്ക് വെളിപ്പെടുത്തുകയും സമൂഹത്തിൽ ന്യായമായ നിയമങ്ങൾക്കായി നിലകൊള്ളുകയും വിശ്വാസം, ശരണം, ഉപവി എന്നിവ പ്രസരിപ്പിച്ചുകൊണ്ട് ലോകത്തിന്റെ വിശുദ്ധീകരണത്തിനായി പുളിമാവുപോലെ പ്രവർത്തിക്കുകയും വേണം." ഈ കാനോന വിശദീകരിച്ചുകൊണ്ട് "പൗരസ്ത്യ സഭകളുടെ കാനോനകൾ സഭാ ജീവിതത്തിൽ" എന്ന ഗ്രന്ഥം ഇങ്ങനെ പ്രസ്താവിക്കുന്നു: "അത്മായരുടെ ദൈവവിളിയും ദൗത്യവും എന്തെന്ന് ഈ കാനോന വ്യക്തമാക്കുന്നു. ഭൗതികതലത്തിൽ എല്ലാക്കാര്യങ്ങളും ദൈവേഷ്ടപ്രകാരം ക്രമീകരിക്കുകയും അപ്രകാരം ദൈവരാജ്യം അന്വേഷിക്കുകയുമാണ് അവരുടെ ദൗത്യം. അവരുടെ സ്വകാര്യജീവിതത്തിലും കുടുംബജീവിതത്തിലും രാഷ്ട്രീയവും സാമൂഹികവുമായ തലങ്ങളിലും ക്രിസ്തുനാഥന് സാക്ഷികളാകുവാൻ അവർ പരിശ്രമിക്കണം. നീതിപൂർവകമായ ഒരു സാമൂഹിക വ്യവസ്ഥിതിക്കുവേണ്ടി നിലകൊള്ളാനും അങ്ങനെ ഭൂമിയുടെ ഉപ്പും പുളിമാവുമായിത്തീർന്ന് അതിന്റെ വിശുദ്ധീകരണത്തിനായി പരിശ്രമിക്കുവാനും, അത്മായർക്ക് കടമയുമുണ്ട്" (പേജ് 335-336).

സഭയുടെ പ്രബോധനാധികാരം (magisterium) നല്കുന്ന പഠനങ്ങൾക്കനുസരിച്ചും തങ്ങളുടെ പഠനങ്ങളെ സഭാപഠനമായി അവതരിപ്പിക്കുന്നത് ഒഴിവാക്കിക്കൊണ്ടും വേണം അത്മായർ പ്രവർത്തിക്കേണ്ടതെന്ന് 402-ാം കാനോന ഓർമ്മിപ്പിക്കുന്നതിങ്ങനെയാണ്: "ഭൗമിക നഗരത്തിന്റെ കാര്യങ്ങളിൽ എല്ലാ പൗരന്മാർക്കുമുള്ള സ്വാതന്ത്ര്യം തങ്ങൾക്കും അംഗീകരിച്ച് കിട്ടുവാൻ അത്മായരായ ക്രിസ്തീയവിശ്വാസികൾക്ക് അവകാശമുണ്ട്. എന്നിരുന്നാലും അവർ ഇങ്ങനെയുള്ള സ്വാതന്ത്ര്യം വിനിയോഗിക്കുമ്പോൾ തങ്ങളുടെ പ്രവർത്തനങ്ങൾ സുവിശേഷാരൂപിയാൽ നിറഞ്ഞതായിരിക്കുവാൻ ശ്രദ്ധിക്കേണ്ടതും സഭയുടെ പ്രബോധനാധികാരം നല്കുന്ന പഠനങ്ങൾ കണക്കിലെടുക്കേണ്ടതുമാണ്. എന്നാൽ പല അഭിപ്രായങ്ങളുള്ള പ്രശ്നങ്ങളിൽ തങ്ങളുടെതന്നെ അഭിപ്രായം സഭയുടെ പഠനമായി അവതരിപ്പിക്കുന്നത് അവർ ഒഴിവാക്കേണ്ടതാണ്." കത്തോലിക്കാ തിരുസ്സഭയിൽ ഔദ്യോഗികമായി പഠിപ്പിക്കുവാനുള്ള അവകാശം മാർപ്പാപ്പയ്ക്കും അപ്പസ്തോല പിൻഗാമികളായ മെത്രാന്മാർക്കും മാത്രമാണ്. എന്നാൽ, ഇക്കാര്യം ഒട്ടും മനസ്സിലാക്കുവാൻ ശ്രമിക്കാതെ, ചില കടലാസ് സംഘടനകൾ രൂപീകരിച്ച്, അതിന്റെ തലപ്പത്ത് സ്വയം പ്രതിഷ്ഠിച്ചിട്ട്, തങ്ങൾ പറയുന്നത് മെത്രാന്മാരും മേജർ ആർച്ച് ബിഷപ്പും സിനഡും അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററും തുടങ്ങി മാർപ്പാപ്പവരെ അനുസരിക്കണമെന്ന് അന്ത്യശാസനം നല്കുന്ന ചില അത്മായവിമതനേതാക്കളെപ്പോലും നിലയ്ക്കുനിർത്തുവാനോ തിരുത്തുവാനോ ഉള്ള ആർജ്ജവം നഷ്ടപ്പെട്ട ഒരു വിശ്വാസസമൂഹമായി എറണാകുളം-അങ്കമാലി അതിരൂപതയിലെ വിശ്വാസസമൂഹം അധഃപതിച്ചുകൂടാ. മെത്രാനില്ലാതെ ഒരു രൂപതയില്ലെന്നും മെത്രാനെ തന്റെ സ്ഥാനിക ദേവാലയമായ കത്തീഡ്രൽ പള്ളിയിൽ വിശുദ്ധ കുർബാനയർപ്പിക്കുന്നത് തടയുന്നവർ കത്തോലിക്കരായി കരുതപ്പെടുവാൻ അർഹതയില്ലാത്തവരായി മാറിയെന്നും സംശയലേശമന്യേ പ്രസ്താവിക്കുന്നതിന് വായ് തുറക്കുന്നതിനുപകരം നവരത്നങ്ങൾ എന്ന ഓമനപ്പേരിൽ ഇപ്പോൾ അറിയപ്പെട്ടുതുടങ്ങിയ ചില മെത്രാന്മാർ തങ്ങളുടെ തൂലിക ചലിപ്പിച്ചത് മറ്റ് ചില കാര്യങ്ങൾക്കുവേണ്ടിയായിപ്പോയി എന്നത് സൂചിപ്പിക്കുന്നത്, കർഷകരുടെ വാക്കുകൾ കടമെടുത്താൽ "തണ്ടുതുരപ്പ"ന്റെ ശല്യം സീറോ-മലബാർ സഭയിലും കണ്ടുതുടങ്ങി എന്നതാണ്. രൂപതാമെത്രാൻ നിയമിച്ച ഇടവക അഡ്മിനിസ്ട്രേറ്റർ അധികാരമേറ്റെടുക്കുവാൻ വന്നപ്പോൾ അത് തടയാൻ ശ്രമിക്കുകയും അദ്ദേഹത്തെ വിശുദ്ധ കുർബാനയർപ്പിക്കുന്നതിൽനിന്ന് തടയുകയും ശ്രമിച്ചപ്പോൾ ഈ നവരത്നങ്ങൾക്ക് അതിനെ അപലപിക്കുവാൻ സാധിച്ചതായി ഈ ലേഖനം എഴുതുന്ന 2022 ഡിസംബർ 20-ാം തീയതി സായാഹ്നത്തിൽപ്പോലും ഈ ലേഖകന്റെ ശ്രദ്ധയിൽ പെട്ടിട്ടി

ല്ല. ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ 1986 ൽ കേരളത്തിൽ വന്നപ്പോൾ വെടിയുണ്ടയേൽക്കാത്ത പാപ്പാ മൊബൈലിലാണ് സഞ്ചരിച്ചത്. പോലീസ് സംരക്ഷണത്തിലാണ് ബലിയർപ്പിച്ചത്. വത്തിക്കാനിലെ മാർപ്പാപ്പയുടെ ബലിയർപ്പണത്തിലും സ്വിസ് ഗാർഡുകളുടെ സംരക്ഷണമുണ്ട്. സ്വന്തം ജീവൻ സംരക്ഷിക്കുവാൻ ഏതൊരു വ്യക്തിക്കും കടമയുണ്ട്. അതിനാൽ, ആവശ്യമുള്ളിടത്ത് പോലീസ് സംരക്ഷണം ആവശ്യപ്പെടുന്നതോ അതുപയോഗിക്കുന്നതോ ഒരു വലിയ തിന്മയൊന്നുമല്ല. എന്നാൽ വലിയ തിന്മയെന്ന് പറയുന്നത് നിയമം അനുസരിക്കുന്നവരെയും അധികാരികളെ അനുസരിക്കുന്നവരെയും പുലഭ്യം പറയുക, അവരുടെ കൈകാലുകൾ വെട്ടുമെന്ന് പറയുക, വിശുദ്ധ കുർബാനയർപ്പണം തടയുക തുടങ്ങിയുള്ള ക്രിമിനൽ നടപടികളിലേക്ക് കടക്കുന്നവർ ചെയ്യുന്നതാണ്. എന്നാൽ ഈ ക്രിമിനൽ നടപടികളെ അപലപിക്കുവാൻ നാവുപൊങ്ങാത്ത ന്യായാധിപന്റെ വേദനയുടെ സ്വരം കേട്ടപ്പോൾ അത് എറണാകുളത്തെ വേദനയണ്ണൻ എന്നറിയപ്പെടുന്ന "ഒരത്മായപ്രമുഖ"ന്റെ സ്വരത്തോട് ഒത്തുപോകുന്നതായാണ് നിക്ഷ്പക്ഷമതികളായ പലരും കണ്ടത്. അത് 402-ാം കാനോനയുടെ ചൈതന്യത്തിന് ഒട്ടും നിരക്കുന്നതല്ലെന്ന് ഈ ലേഖകൻ വിലയിരുത്തുന്നു. എന്നിരുന്നാലും ആ അഭിപ്രായം പറയുവാനുള്ള ആ മഹത്‌വ്യക്തിത്വത്തിന്റെ അവകാശത്തെ പൂർണ്ണമായി മാനിക്കുകയും അംഗീകരിക്കുകയും ചെയ്യുന്നു.

403-ാം കാനോനയുടെ ഒന്നാമത്തെ ഖണ്ഡിക ഇങ്ങനെ പ്രഖ്യാപിക്കുന്നു: "എല്ലായിടത്തും തങ്ങളുടെ റീത്ത് പരിരക്ഷിക്കുവാൻ അത്മായർക്കുള്ള അവകാശവും കടമയും കണക്കിലെടുത്തുകൊണ്ടുതന്നെ, മറ്റേതൊരു സ്വയാധികാരസഭയുടെയും ആരാധനക്രമ ആഘോഷങ്ങളിൽ ആരാധനക്രമപുസ്തകങ്ങളിലെ മാനദണ്ഡപ്രകാരം സജീവമായി പങ്കെടുക്കുന്നതിനുള്ള അവകാശം അവർക്കുണ്ട്." ഈ കാനോനയിൽനിന്ന് വളരെ വ്യക്തമാണ് സീറോ-മലബാർ സഭയിലെ അത്മായർക്ക് ലത്തീൻസഭയിലെയോ, മലങ്കരസഭയിലെയോ തുടങ്ങി കത്തോലിക്കാസഭയുടെ ഏത് പള്ളികളിൽ അർപ്പിക്കപ്പെടുന്ന ദിവ്യബലിയിലും പങ്കെടുക്കുവാൻ സാധിക്കുമെന്ന്. അതിനാൽ, എറണാകുളത്ത് കത്തീഡ്രൽപള്ളി അടഞ്ഞുകിടക്കുമ്പോൾ അവർ റോഡിൽനിന്ന് വിശുദ്ധ കുർബാനയിൽ പങ്കെടുക്കേണ്ട ആവശ്യമുണ്ടായിരുന്നില്ല; പ്രത്യുത, അവർക്ക് അടുത്തുള്ള മറ്റ് ദേവാലയങ്ങളിൽ പോയി ബലിയർപ്പണത്തിൽ പങ്കുചേരാമായിരുന്നു.

404-ാം കാനോനയുടെ ഒന്നാം ഖണ്ഡിക ഇങ്ങനെ പ്രസ്താവിക്കുന്നു: "ശൈശവംമുതൽ ലഭിച്ചിരിക്കേണ്ട വിശ്വാസപരിശീലനത്തിനുപുറമേ, ക്രിസ്തു വെളിപ്പെടുത്തിയതും സഭയുടെ ആധികാരികമായ പ്രബോധനാധികാരം പഠിപ്പിക്കുന്നതുമായ പ്രബോധനത്തെപ്പറ്റി തങ്ങളുടെ കഴിവിനും അവസ്ഥയ്ക്കും യോജിച്ച അറിവ് സമ്പാദിക്കുവാൻ അത്മായർക്ക് അവകാശവും കടമയുമുണ്ട്. ഈ പ്രബോധനമനുസരിച്ച് ജീവിക്കുന്നതിന് മാത്രമല്ല, ഇത് പ്രഘോഷിക്കുന്നതിനും ആവശ്യമെങ്കിൽ സമർത്ഥിക്കുന്നതിനും (defend) വേണ്ടിയാണിത്." രണ്ടാം ഖണ്ഡിക ഇങ്ങനെ തുടരുന്നു: "സഭാപഠന സർവകലാശാലകളിലോ ഫാക്കൽട്ടികളിലോ മതപരമായ ശാസ്ത്രങ്ങൾക്കായുള്ള സ്ഥാപനങ്ങളിലോ പഠിപ്പിക്കുന്ന വിശുദ്ധ ശാസ്ത്രങ്ങളിൽ കൂടുതൽ ആഴമേറിയ അറിവ്, ക്ലാസ്സുകളിൽ സംബന്ധിച്ചും ഡിഗ്രികൾ എടുത്തും സമ്പാദിക്കുവാനുള്ള അവകാശവും അത്മായർക്കുണ്ട്." ഈ കാനോന അത്മായർക്ക് കല്പിച്ചുനൽകുന്ന അവകാശമാണ് ദൈവശാസ്ത്രം, കാനൻ നിയമം, ലിറ്റർജി തുടങ്ങിയ വിഷയങ്ങൾ പഠിക്കുവാനും അതിൽ ഡോക്ടറേറ്റ് ഉൾപ്പെടെയുള്ള ഡിഗ്രികൾ കരസ്ഥമാക്കുവാനും ദൈവശാസ്ത്രകലാലയങ്ങളിലുൾപ്പെടെ പഠിപ്പിക്കുവാനുള്ള അവകാശം. ഈ കാനോന വ്യക്തമാക്കുന്ന മറ്റൊരു കാര്യം വേദപാഠക്ലാസ്സുകളിലെ പഠനംകൊണ്ട് തീരേണ്ടതല്ല അത്മായരുടെ മതപഠനം എന്നതുമാണ്.

405-ാം കാനോന അത്മായരുടെ അവകാശകടമകളെപ്പറ്റി ഇങ്ങനെ വ്യക്തമാക്കുന്നു: "അത്മായർ തങ്ങളുടെ ആരാധനക്രമപരവും ആദ്ധ്യാത്മികവും ദൈവശാസ്ത്രപരവും ശിക്ഷണപരവുമായ പൈതൃകം താല്പര്യപൂർവം പഠിക്കേണ്ടതാണ്. വ്യത്യസ്ത സ്വയാധികാരസഭകളിലെ അത്മായ അംഗങ്ങൾ തമ്മിൽ പരസ്പരമുള്ള സന്മനോഭാവവും മതിപ്പും പ്രവർത്തനൈക്യവും വളർത്തുന്നതിനും റീത്തുകളുടെ വൈവിധ്യം തങ്ങൾ ജീവിക്കുന്ന സമൂഹത്തിന്റെ പൊതുനന്മയെ ദോഷകരമായി ബാധിക്കാതെ, പകരം അതേ നന്മയിലേക്ക് അനുദിനം കൂടുതലായി നയിക്കുന്നതിനും വേണ്ടിയാണ്." അത്മായരുടെ കർത്തവ്യമാണ് സ്വന്തം സ്വയാധികാര സഭയുടെ (sui iuris Church) ആരാധനക്രമം, ദൈവശാസ്ത്രം, ശിക്ഷണം, ആദ്ധ്യാത്മികത എന്നിവ ഉൾക്കൊള്ളുന്ന സഭാപാരമ്പര്യം ആഴമായി പഠിക്കുകയും അതിനോട് വിശ്വസ്തത പാലിക്കുകയും ചെയ്യുക എന്നുള്ളത്. ഇക്കാര്യത്തിലുള്ള വലിയ പരാജയമാണ് എറണാകുളം-അങ്കമാലി അതിരൂപതയിലെ ബഹുഭൂരിപക്ഷം വരുന്ന അത്മായരെയും വൈദികരെയും സന്യസ്തരെയും ഗ്രസിച്ചിരിക്കുന്നതെന്ന വസ്തുത വിസ്മരിച്ചുകൂടാ. ചാവറയച്ചന്റെ വീക്ഷണത്തിൽ അറിവില്ലായ്മ ഒരു വലിയ തിന്മയാണ്. അതിനെ ജ്ഞാനകുരുടത്വം എന്നാണ് അദ്ദേഹം വിളിക്കുന്നത്. അങ്ങനെയുള്ള അന്ധന്മാരാൽ നയിക്കപ്പെടുന്നു എന്നതാണ് എറണാകുളം-അങ്കമാലി അതിരൂപതയുടെ ഇന്നത്തെ ദയനീയവും പരിഹാസ്യവുമായ അവസ്ഥയ്ക്ക് കാരണമെന്ന് വ്യക്തം.

**4. സഭയുടെ സ്വത്ത് ദൈവജനത്തിന്റേതോ അത്മായരുടെതോ?**

അടുത്തകാലത്ത് നവമാധ്യമങ്ങളിൽ കണ്ടുതുടങ്ങിയ ഒരു പുതിയ മുദ്രാവാക്യമാണ് സഭയുടെ സ്വത്ത്

അത്മായരുടെതാണ് എന്നത്. തികച്ചും തെറ്റിദ്ധാരണ പരത്തുന്ന ഒരാശയമാണിത്. സഭ എന്ന് പറയുന്നത് അത്മായരും വൈദികരും സന്യസ്തരുമടങ്ങുന്ന ദൈവജനമാണെങ്കിൽ സഭയുടെ സ്വത്തും ഇതേ ദൈവജനത്തിന്റേതുതന്നെയാണ്; അല്ലാതെ അത്മായരുടേത് മാത്രമല്ല. പലരും അവകാശപ്പെടുന്നതുപോലെ സഭാസ്ഥാപനങ്ങൾ അത്മായരുടെ നേർച്ചപ്പണംകൊണ്ട് മാത്രമോ അവരുടെ ദശാംശസംഭാവനകൾകൊണ്ട് മാത്രമോ പണിതുയർത്തപ്പെട്ടിട്ടുള്ളതുമല്ല; പ്രത്യുത ആയിരക്കണക്കിന് സന്യസ്തരുടെയും വൈദികരുടെയും പ്രതിഫലം പറ്റാതുള്ള വിയർപ്പിന്റെ ഫലംകൂടിയാണ്. പല അത്മായരും അവരുടെ ദശാംശം പള്ളിക്കും പള്ളിവകസ്ഥാപനങ്ങൾക്കുമായി സന്തോഷപൂർവം നല്കിയപ്പോൾ പല വൈദികരും സന്യസ്തരും അവരുടെ ദശാംശമല്ല, പ്രത്യുത ശതാംശം, അഥവാ, പ്രതിഫലം പറ്റാത്ത 24x7 സേവനം കാഴ്ചവച്ചുകൊണ്ട് പണിതുയർത്തിയ സ്ഥാപനങ്ങളിലെ അവരുടെ അഹോരാത്ര അദ്ധ്വാനങ്ങളെ വിസ്മരിച്ചുകൂടാ. അതിലുപരിയായി, മാർ ളൂയീസ് പഴേപറമ്പിൽ മെത്രാനുൾപ്പെടെ പല വൈദികരും തങ്ങളുടെ പത്രമേനി, അഥവാ കുടുംബസ്വത്ത് വിറ്റ് കിട്ടിയ പണംകൊണ്ട് കെട്ടിപ്പൊക്കിയതാണ് ഇന്നത്തെ സഭാസ്വത്തുക്കൾ എന്ന കാര്യവും നമുക്ക് നന്ദിപൂർവം അനുസ്മരിക്കാം. കേരളത്തിലങ്ങോളമിങ്ങോളം ഇന്ന് ചൂടപ്പംപോലെ വിറ്റുപോകുന്ന ഒരാത്മകഥയാണ് പ്രൊഫ. ടി.ജെ. ജോസഫിന്റെ കേരള സാഹിത്യ അക്കാദമി അവാർഡ് കരസ്ഥമാക്കിയ *അറ്റുപോകാത്ത ഓർമ്മകൾ* എന്ന ഗ്രന്ഥം. ആ ഗ്രന്ഥം തന്റെ കൈവെട്ടിയവരെ താലോലിക്കാനും അതിലുപരിയായി കത്തോലിക്കാസഭയെ താറടിക്കുവാനുമായാണ് അദ്ദേഹം എഴുതിയിരിക്കുന്നതെന്ന് അനുവാചകർക്ക് തോന്നുവാനുള്ള സാദ്ധ്യത തുലോം കൂടുതലാണെങ്കിലും, അദ്ദേഹം അറിഞ്ഞോ അറിയാതെയോ ചില സത്യങ്ങളും ആ ഗ്രന്ഥത്തിൽ കുറിച്ചിട്ടുണ്ട്. ഉദാഹരണത്തിന് അദ്ദേഹത്തിന് ആദ്യം ജോലി ലഭിച്ച കോതമംഗലം രൂപതയുടെ മുരിക്കാശ്ശേരി പാവനാത്മാ കോളേജിന്റെ ആരംഭത്തെപ്പറ്റി അദ്ദേഹം ഇങ്ങനെ എഴുതിയിരിക്കുന്നു: "മലയോര പ്രദേശവും അവികസിത ഗ്രാമവുമായിരുന്ന മുരിക്കാശ്ശേരിയിൽ ഒരു കോളേജ് ആരംഭിച്ചതിൽ മുഖ്യപങ്ക് വഹിച്ച ആളാണ് ഫാ. മാത്യു തെക്കേക്കര. കോതമംഗലം രൂപതയുടെ കൈവശമിരുന്ന പട്ടയമില്ലാത്ത ഭൂമിക്ക് പട്ടയം ലഭിച്ചത് അദ്ദേഹത്തിന്റെ ശ്രമഫലമാണ്. പതിനൊന്ന് കിലോമീറ്റർ അകലെ കരിമ്പൻ എന്ന സ്ഥലത്താണ് വൈദ്യുതി എത്തിനിന്നിരുന്നത്. അവിടെനിന്നും മുരിക്കാശ്ശേരിയിലേക്ക് വൈദ്യുതി വന്നത് അദ്ദേഹത്തിന്റെ ഉത്സാഹത്താലാണ്. വൈദ്യുതിലൈൻ വലിക്കുന്നതിന് ടെൻഡർ എടുക്കുവാൻ കോൺട്രാക്ടർമാർ ഇല്ലാതിരുന്നതുകൊണ്ട് അത് ഏറ്റെടുത്ത് നടത്തിയതും അദ്ദേഹമാണ്. അതിനൊക്കെയുള്ള പണം അദ്ദേഹം കൊണ്ടുവന്നത് സ്വന്തം വീട്ടിൽനിന്നായിരുന്നു" (*അറ്റുപോകാത്ത ഓർമ്മകൾ*, 11-ാം പതിപ്പ്, പേജ് 376). സീറോ-മലബാർ സഭയുടെ പല ദേവാലയങ്ങളുടെയും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും പിന്നിൽ ഇങ്ങനെയുള്ള നിസ്വാർത്ഥസേവനത്തിന്റെ ചരിത്രങ്ങൾ ഒളിഞ്ഞും മൺമറഞ്ഞും കിടക്കുന്നുണ്ട് എന്നത് നാം വിസ്മരിക്കുന്നത് തികച്ചും നന്ദിഹീനതയായിരിക്കും.

**ഉപസംഹാരം**

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പഠനങ്ങളിൽ അത്മായർക്ക് ഒരു പ്രധാനവും ഉന്നതവുമായ സ്ഥാനം കത്തോലിക്കാസഭയിൽ നല്കുന്നുണ്ട്. "മെത്രാന്മാർ അത്മായർക്ക് സഭയിലുള്ള ഉന്നതസ്ഥാനവും ഉത്തരവാദിത്വവും അംഗീകരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യേണ്ടതാണ്. അത്മായരുടെ വിവേകപൂർവകമായ ഉപദേശം മഹാമനസ്കതയോടെ ഉപയോഗപ്പെടുത്തണം" (*LG* 37). എന്നാൽ അതിനർത്ഥം മെത്രാനോ മാർപ്പാപ്പയോ അത്മായരെ അനുസരിക്കണമെന്നോ അവരുടെ അജ്ഞതയിൽനിന്നുരുത്തിരിയുന്ന അവിവേകപരമായുള്ളതും നിയമവിരുദ്ധവുമായ ആവശ്യങ്ങൾ അംഗീകരിച്ച് കൊടുക്കണമെന്നുമല്ല. ദൈവജനത്തെ നയിക്കുവാനും പഠിപ്പിക്കുവാനും വിശുദ്ധീകരിക്കുവാനുമായി തിരഞ്ഞെടുക്കപ്പെടുകയും അഭിഷിക്തരാക്കപ്പെടുകയും ചെയ്ത മെത്രാന്മാർ തങ്ങളുടെ കൂട്ടുത്തരവാദിത്വം മറക്കാതെ, സഭയുടെ ഉപരിനന്മയെ മാത്രം ലക്ഷ്യംവച്ചുകൊണ്ട് പ്രവർത്തിക്കേണ്ടവരാണ്. അവരുടെ സഹായികളാണ് വൈദികർ. ഈ രണ്ട് കൂട്ടരോടും ചേർന്ന് പ്രവർത്തിച്ച് ആദ്ധ്യാത്മിക ഭൗതിക മണ്ഡലങ്ങളിൽ പ്രവർത്തിച്ചുകൊണ്ട് ദൈവരാജ്യത്തിന്റെ വളർച്ചയ്ക്കുവേണ്ടി അദ്ധ്വാനിക്കേണ്ടവരാണ് അത്മായർ. അല്ലാതെ മെത്രാന്മാരും വൈദികരും സന്യസ്തരുമല്ല സഭ, പ്രത്യുത, തങ്ങൾ മാത്രമാണ് ദൈവജനമെന്നോ സഭയെന്നോ ഉള്ള ചില അത്മായ നേതാക്കളുടെ അവകാശവാദം വിമതസ്വരമായി തള്ളിക്കളയേണ്ടതുതന്നെയാണ്.

ഈ ലേഖനം അത്മായരുടെ സഭയിലുള്ള പങ്കും അവരുടെ അവകാശങ്ങളും കടമകളും പൂർണ്ണമായി അവതരിപ്പിക്കുകയും വിശദീകരിക്കുകയും ചെയ്യുന്നുണ്ട് എന്ന് അവകാശപ്പെടുന്നില്ല. എന്നാൽ, സന്യസ്തരെയും മെത്രാന്മാരെയും വൈദികരെയുംപറ്റി *കർമ്മലകുസുമ*ത്തിന്റെ മുൻപംക്തികളിലെഴുതിയശേഷം അത്മായരെപ്പറ്റിയൊരു ലേഖനംകൂടി എഴുതിയില്ലെങ്കിൽ അത് വലിയൊരപരാധം ആകുമെന്നുള്ള ബോദ്ധ്യത്തിൽനിന്നാണ് ഈ ലേഖനത്തിന്റെ ആവിർഭാവം. ഈ ലേഖനം തുടർപഠനങ്ങൾക്കും ചർച്ചകൾക്കും കാരണമായിത്തീർന്നാൽ ഞാൻ കൃതാർത്ഥനായി.